കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് - 2018-19

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല
e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

*ഭരണഭാഷ-മാതൃഭാഷ*

കെ.എസ്.എ.പിറ്റിഎ.പി12/923/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി: 29.11.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം: മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, 4 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പത്തനംതിട്ട

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.റ്റി.എ.പി.12/923/19 തീയതി: 29.11.2019

## പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ളോക്ക് പഞ്ചായത്ത് 04.04.2019 മുതൽ 17.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ. ഹബീബ് മുഹമ്മദ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 17.10.2019 മുതൽ 31.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | : | 1. ശ്രീ. അനിൽ മാത്യൂ ഐപ്പ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | | 2. ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | | | | | |
|---|---|---|---|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ശോശാമ്മ തോമസ് | | 01.04.2018 | മുതൽ | 21.12.2018 | വരെ |
| | | ശ്രീ. കെ. ദിനേശ് | | 22.12.2018 | മുതൽ | 20.01.2019 | വരെ |
| | | ശ്രീമതി മനുഭായ് മോഹൻ | | 21.01.2019 | മുതൽ | 31.03.2019 | വരെ |

| | | | | | | | |
|---|---|---|---|---|---|---|---|
| സെക്രട്ടറി | : | ശ്രീമതി ഗീതാ കെ. രാജൻ (അധിക ചുമതല) | | 01.04.2018 | മുതൽ | 10.04.2018 | വരെ |
| | | ശ്രീ. ജി. ശിശുപാലൻ | | 11.04.2018 | മുതൽ | 31.05.2018 | വരെ |
| | | ശ്രീമതി ഗീതാ കെ. രാജൻ (അധിക ചുമതല) | | 01.06.2018 | മുതൽ | 13.06.2018 | വരെ |

| | | | | | |
|---|---|---|---|---|---|
| | ശ്രീമതി പി.എൻ.ശോഭന | 14.06.2018 | മുതൽ | 12.07.2018 | വരെ |
| | ശ്രീമതി ഗീതാ കെ. രാജൻ (അധിക ചുമതല) | 13.07.2018 | മുതൽ | 29.07.2018 | വരെ |
| | ശ്രീ. കെ. രാജേന്ദ്രൻ | 30.07.2018 | മുതൽ | 31.03.2019 | വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, മല്ലപ്പള്ളി | ഡോ. മാത്യു വർഗ്ഗീസ് മാരേട്ട് | 01.04.18 | മുതൽ | 31.03.19 | വരെ |
| മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കല്ലൂപ്പാറ | ഡോ. രാജേഷ് പി. | 01.04.18 | മുതൽ | 31.03.19 | വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ. ഹരികൃഷ്ണൻ കെ. | 01.04.18 | മുതൽ | 31.07.18 | വരെ |
| ” | ശ്രീമതി മഞ്ജു ആർ. വി. | 01.08.18 | മുതൽ | 31.08.18 | വരെ |
| “ | ശ്രീമതി സുജിതാ രവി | 01.09.18 | മുതൽ | 31.03.19 | വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീ. സിബി റ്റി. നീണ്ടിശ്ശേരി | 01.04.18 | മുതൽ | 31.03.19 | വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി വിജി വിശ്വനാഥ് | 01.04.18 | മുതൽ | 16.09.18 | വരെ |
| ” | ശ്രീമതി അനിതാ പി. | 16.09.18 | മുതൽ | 31.03.19 | വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോഗ്രാം ഓഫീസർ | ശ്രീമതി അഗസ്റ്റീന പി.എ. | 01.04.18 | മുതൽ | 31.03.19 | വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. വിഷ്ണു എസ്. | 01.04.18 | മുതൽ | 31.03.19 | വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സി. ബിജു | 01.04.18 | മുതൽ | 31.03.19 | വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി (ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അഡ്വാൻസായി അനുവദിച്ചതും ക്രമീകരിച്ചതും) | 1-6 |

| | | |
|---|---|---|
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| 10 | ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല | 1-10 |
| 11 | കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ജാമ്യനിക്ഷേപതുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല | 1-11 |
| 12 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-12 |
| 13 | സംയുക്ത പദ്ധതികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-13 |
| 14 | പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- 45 ലക്ഷം രൂപ പ്രയോജനരഹിതമായി | 1-14 |
| 15 | സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതുഫണ്ടിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നു | 1-15 |
| 16 | ഫൈനൽ ബിൽ തുകയിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല | 1-16 |
| 17 | ചെങ്ങരൂർ പട്ടികജാതി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തിയാകാത്തത് സംബന്ധിച്ച് | 1-17 |
| 18 | ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിന് പി.ഡബ്ല്യു.ഡി. സെന്റേജ് ചാർജ്ജ് അധികമായി ഈടാക്കുന്നു | 1-18 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-19 |
| 20 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പ് - തുടർ മോണിറ്ററിംഗ് നടത്തുന്നില്ല | 1-20 |
| 21 | മരുന്നു വാങ്ങൽ പദ്ധതികൾ - യഥാസമയം മരുന്നുകൾ ലഭ്യമാകുന്നില്ല | 1-21 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 22 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-2 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-3 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 28 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 32 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 33 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 34 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക | അനുബന്ധം-3 |
| 35 | റെസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക | അനുബന്ധം-4 |


# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

23.3.18 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. വാർഷിക പദ്ധതി ഡി.പി.സി. അംഗീകരിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2018 | 14.05.2018 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13736569 |
| വരവ് | 55148281 |
| ആകെ | 68884850 |
| ചെലവ് | 55135129 |
| നീക്കിയിരിപ്പ് | 13749721 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 29005000 | 29005000 | 27262596 | 1742404 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 11985000 | 11985000 | 9370881 | 2614119 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 420000 | 420000 | 312000 | 108000 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3144000 | 3144000 | 3143278 | 722 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| Misc. (SBT) | 1194285 | 183407 | 1377692 | 128019 | 1249673 |
| IWMP(Canara Bank) | 3389 | 3006236 | 3009625 | 513960 | 2495665 |

| | | | | | | |
|---|---|---|---|---|---|---|
| PMAY(Canara Bank) | | 4789879 | 4964754 | 9754633 | 3487065 | 6267568 |
| SGSY(Canara Bank) | | 561425 | 19909 | 581334 | 0 | 581334 |
| TSC(SBT) | | 320355 | 24369 | 344724 | 12835 | 331889 |
| IAY Plan(IOB) | | 6929055 | 339806 | 7268861 | 4725937 | 2542924 |
| PMKSY(Canara Bank) | | 18034 | 2849 | 20883 | 19787 | 1096 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | -130178 | 6802642 | 6672464 | 6404276 | 268188 |
| മറ്റിനം (GST Canara Bank) | | 4800 | 23259 | 28059 | 27895 | 164 |
| (Canara Bank)(TA/DA) | | 45525 | 60695 | 106220 | 95000 | 11220 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 60 | 56779517 | 50 | 41905787 | 1 | 9 | 73.80 |

1) പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ, സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ എന്നിവ നടപ്പാക്കുമ്പോൾ ഗ്രാമപ്പഞ്ചായത്തുകളുടെ മുൻകൂട്ടിയുള്ള സമ്മതം വാങ്ങാതെയാണ് പ്രൊജക്ടുകൾ തയ്യാറാക്കുന്നത്.

2) വിവിധ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കും കുടിവെള്ള പദ്ധതികൾക്കുമായി കേരള വാട്ടർ അതോറിറ്റിയിൽ ഓരോ വർഷവും ലക്ഷങ്ങൾ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും അവയുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് ഈ വകുപ്പിന്റെ മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലുള്ള പരാമർശങ്ങളും അവഗണിക്കപ്പെട്ടു.

3) സംയുക്ത പദ്ധതികൾ പ്രകാരം ഓരോ വർഷവും ഗ്രാമപ്പഞ്ചായത്തുകൾക്ക് ഗണ്യമായ തുക വിഹിതമായി നൽകുന്നുണ്ടെങ്കിലും അവയിൽ എത്ര തുക നിർദ്ദിഷ്ട പദ്ധതികൾക്ക് വിനിയോഗിച്ചുവെന്ന് മോണിട്ടർ ചെയ്യുന്നില്ല.

വർഷാരംഭത്തിന് മൂന്ന് മാസം മുമ്പ് മുതൽ പ്രോജക്ടുകളുടെ രൂപീകരണം ആരംഭിക്കണമെന്ന് നിർദ്ദേശമുണ്ട്. അത് കൃത്യമായി പാലിക്കുകയാണെങ്കിൽ ഗ്രാമപ്പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ടുകൾ യഥാസമയം അംഗീകാരിക്കാവുന്നതും, ബജറ്റ് അലോട്ട്മെന്റ് ലഭിക്കുമ്പോൾ തന്നെ മുൻഗണനാക്രമം അനുസരിച്ച് ഗ്രാമപ്പഞ്ചായത്തുകൾക്ക് നൽകേണ്ട വിഹിതം നൽകാവുന്നതും, ടി പ്രോജക്ടുകൾ യഥാസമയം നിർവ്വഹിച്ചു എന്ന് ഉറപ്പാക്കാവുന്നതുമാണ്.

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

| പദ്ധതിയുടെ നം. പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി ഉപേക്ഷിച്ചതിന്റെ കാരണം |
|---|---|---|
| 3/18 –ലൈഫ് മിഷൻ അധിക ധനസഹായം ബ്ലോക്ക് വിഹിതം | സെക്രട്ടറി | ഗ്രാമപഞ്ചായത്തുകളിൽ എസ്.സി. ഗുണഭോക്താക്കൾ ലൈഫ് മിഷൻ പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം ആവശ്യമായി വന്നില്ല. ആയതിനാൽ പദ്ധതി ഉപേക്ഷിച്ചു. |
| 64/18 – വെട്ടിപ്ലാക്കൽ പുന്നത്തോട്ടം റോഡ് കോൺക്രീറ്റിംഗ്(സ്പിൽ ഓവർ) | അസി. എക്സി. എഞ്ചിനിയർ | പ്രാദേശികമായ എതിർപ്പുമൂലം പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| 68/18 -വെങ്ങളത്തു കുന്ന് എസ്. സി. കോളനി സംരക്ഷണ | അസി. എക്സി. എഞ്ചിനിയർ | കരാറെടുത്ത കരാറുകാരൻ 2019 മാർച്ച് 3ന് മുമ്പ് പ്രവൃത്തി ആരംഭിക്കുന്നതിനു പോലും തയ്യാറാകാഞ്ഞ സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിച്ചു. |

| | | |
|---|---|---|
| ഭിത്തി നിർമ്മാണം | | |
| 73/18 – കല്ലൂപ്പാറ സി.എച്ച്.സി. ദന്തൽയൂണിറ്റ് നിർമ്മാണം | അസി. എക്സി. എഞ്ചിനിയർ | പ്രവൃത്തി 2 തവണ ടെണ്ടർ ചെയ്തിട്ടും ആരും കരാർ എടുക്കാത്തതിനാൽ ഉപേക്ഷിച്ചു. |
| 74/18-മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ക്വാർട്ടേഴ്സ് നവീകരണം | അസി. എക്സി. എഞ്ചിനിയർ | " |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | 2017-18ൽ ക്രമീ കരിക്കാൻ അവ ശേഷിച്ച തുക | 2018-19-ൽ ചെലവഴിച്ച തുക | ആകെ | 2018-19-ൽ ക്രമീകരിച്ച തുക | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ഭരണചെലവുകൾ | 76,000- | 5,41,015- | 6,17,015- | 2,75,000- | 3,42,015- |

## 1-7 ആഭ്യന്തരനിയന്ത്രണം

1. പൊതുനിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

2. അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നതായി രേഖപ്പെടുത്തലുകൾ ഇല്ല.

3. രജിസ്റ്ററുകളുടെ പരിപാലനം

ആസ്തി രജിസ്റ്റർ - ബ്ലോക്ക്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ യഥാസമയം കാലികമാക്കിയിട്ടില്ല. ആസ്തിരജിസ്റ്ററിൽ നാളിതുവരെയുള്ള വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തേണ്ടതും, 26-7-11-ലെ ജി.ഓ(എം.എസ്)152/11/ ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗ് നടത്തേണ്ടതുമാണ്.

4. ജനറൽ കമ്മറ്റി

പഞ്ചായത്ത് കമ്മറ്റിയിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ, പൊതുജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കൽ മുതലായ വിവിധ വിഷയങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടത്തി തീരുമാനം എടുത്തിട്ടുണ്ട്.

5. വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകളൊന്നും വർക്കിംഗ് ഗ്രൂപ്പിൽ നടക്കുന്നില്ല എന്ന് മിനിറ്റ്സിൽ നിന്നും വ്യക്തമാകുന്നു. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകൾ തന്നെയാണ് വീണ്ടും ആവിഷ്ക്കരിക്കുന്നത്. പ്രൊജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.03.2019 | 2018-19 | 10.07.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2018 | 2012-13 to 16-17 | 05.02.18 |

## 1-9 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

ഷെഡ്യൂൾ ബി3

Capital Contribution മുൻ വർഷ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം സൃഷ്ടിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല. ആയത് ക്രമീകരിക്കേണ്ടതാണ്.

ഷെഡ്യൂൾ ബി5

മുൻ നീക്കിയിരിപ്പ് കാണിച്ചിട്ടില്ല. 2013-14 വർഷം 96 ലക്ഷം ലോൺ എടുത്തത് (പലിശ 10.75 %) 10 വർഷം കൊണ്ട് തിരിച്ചടക്കണമെന്ന വ്യവസ്ഥയിലായിരുന്നു. എന്നാൽ 31.03.2019-ലെ Bank Statement പ്രകാരം

| | |
|---|---|
| മുതൽ ഇനത്തിൽ നീക്കിയിരിപ്പ് | 4883093 രൂപ |
| പലിശ ഇനത്തിൽ നീക്കിയിരിപ്പ് | 23236 രൂപ |
| ആകെ | 4906329 രൂപ |

ബി5 ഷെഡ്യൂൾ പ്രകാരം 4614917 രൂപയാണ്. Ledger പരിശോധിച്ചതിൽ മുന്നിരിപ്പ് കാണിച്ചിട്ടില്ല. 2018-19 ലെ തിരിച്ചടവ് 3455550 രൂപയാണ്. ബാങ്കിലെ കണക്കുകളും ബി-5 ഷെഡ്യൂളിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ ബി7

Contractors EMD, Suppliers EMD, Bidders EMD തുകകൾ register -ൽ വിവിധ ഡിപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ അവയുടെ കൃത്യത പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

ഷെഡ്യൂൾ RP-34

EMD ഇനത്തിൽ 52100 ചെലവും Bidders ഇനത്തിൽ -13750 ആണ് ചെലവ് കാണിച്ചിരിക്കുന്നത്. വ്യത്യാസം പൊരുത്തപ്പെടേണ്ടതാണ്.

ഷെഡ്യൂൾ ബി9

മുൻവർഷം Service Tax ഇനത്തിൽ 107050 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുകയിൽ 81042 (RP-36) പ്രകാരം payment നടന്നിട്ടുണ്ട്. ബാക്കി തുകയായ 26008 രൂപ ചെലവായതിന്റെ വിശദാംശങ്ങൾ ഇല്ല.

ഷെഡ്യൂൾ ബി-11

മുൻവർഷ depreciation തുകതന്നെയാണ് കാണിച്ചിരിക്കുന്നത്. തൻ വർഷം ആസ്തികളുടെ മൂല്യത്തിൽ നിന്നും ഡിപ്രസിയേഷൻ കുറവ് ചെയ്തിട്ടില്ല.

ഷെഡ്യൂൾ ബി-18

രജിസ്റ്റർ പ്രകാരവും സുലേഖ പ്രകാരവും KSEBയിൽ Deposit ചെയ്തിരിക്കുന്ന തുകകളിൽ വ്യത്യാസമുണ്ട്.

## 1-10 ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുകകൾ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ

ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. വിവിധ വർഷങ്ങളിലായി താഴെ പറയുന്ന പ്രകാരമുള്ള ടെണ്ടർ ഫീസാണ് തിരികെ ലഭിക്കാനുള്ളത്.

| സാമ്പത്തിക വർഷം | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | വാറ്റ് / ജി.എസ്.റ്റി. | ആകെ തുക |
|---|---|---|---|---|
| 2017-18 | 20 | 15,300 | 1,836 | 17,136 |
| 2018-19 | 23 | 21,836 | 2,596 | 24432 |
| ടെണ്ടർ ഫീസിനത്തിൽ ആകെ ലഭിക്കേണ്ട തുക | | 37136 | 4,432 | 41568 |

ടി തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ജാമ്യനിക്ഷേപതുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ സെക്യൂരിറ്റി രജിസ്റ്റർ പരിശോധിച്ചപ്പോൾ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തിരികെ നൽകിയിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 282(1), (6) പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 4/18.10.19) മറുപടിയ്ക്ക് താഴെ ചേർക്കും പ്രകാരമുള്ള കാലാവധി കഴിഞ്ഞ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് തുകകളുടെ വിവരം ലഭ്യമാക്കി.

| ഡെപ്പോസിറ്റ് തീയതി | ഇനം | തുക | രസീത്/സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് നം. തീയതി |
|---|---|---|---|
| 9.12.2003 | എം.പി.ലാഡ്സ്,എം.എൽ.എ. എസ്.ഡി.എഫ്. പ്രവൃത്തികൾ | 5000 | 09759/09 തീ.9.12.2003 എസ്.സി.ബി. കവിയൂർ |
| 11.2.2003 | " | 2100 | 09851 തീ. 11.2.2004 എസ്.സി.ബി. കവിയൂർ |
| 9.12.2003 | " | 750 | 787036 തീ. 9.12.2003 റ്റി.ഇ.സി.ബി. മല്ലപ്പള്ളി |
| " | " | 1000 | 34CC 951201 NSC |
| " | " | 5000 | 34BB342716 NSC |
| " | " | 1000 | KD/0077/2005 കാനറാ ബാങ്ക് മാവേലിക്കര |
| 6.4.2004 | " | 2250 | 5633 തീ. 6.4.2004 എസ്.സി.ബി. മല്ലപ്പള്ളി |
| " | " | 2500 | KD/0460/2003 കാനറാ ബാങ്ക് മല്ലപ്പള്ളി |
| 10.10.2013 | " | 80000 | 000471 തീ.10.10.2013 എസ്.സി.ബി. കുമ്പഴ |
| 1.1.2007 | " | 2500 | 41458 തീ. 1.1.2007 ഫെഡറൽ ബാങ്ക് മല്ലപ്പള്ളി |
| 3.1.2014 | " | 2100 | 066037 തീ. 03.01.2014 വിജയാ ബാങ്ക് വയന്നൂർ |
| ആകെ തുക | | 1,42,000 | |

കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ഡെപ്പോസിറ്റ് പ്രവൃത്തികൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

2018-19 വർഷം സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥയായി ചുവടെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കായി തുക വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിരുന്നു. നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. / വൗച്ചർ നം. തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ വിവരം |
|---|---|---|---|---|---|
| 1. | കെ.എസ്. ഇ.ബി. | 12/19- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ | 76 / 23.11.19 | 226000 | UC ലഭിച്ചിട്ടില്ല. |
| | | | 76 / 23.11.19 | 210000 | |
| | | | 96 / 28.12.18 | 90860 | UC ലഭിച്ചു. |
| | | | 51800456 | 1940 തനത് ഫണ്ട് | UC ലഭിച്ചിട്ടില്ല. |
| | | | ആകെ | 528800 | |
| 2. | പി.ഡബ്ല്യ.ഡി. ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റ് | 76/19- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ആഫീസിൽ കമ്പ്യൂട്ടർ നെറ്റ് വർക്ക് ചെയ്യുന്നതിനും യു.പി.എസ്. സ്ഥാപിക്കുന്നതിനും പി.ഡബ്ല്യ.ഡി. ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന് ഡിപ്പോസിറ്റ് | 146 / 7.3.19 | 5,60,081 | UC ലഭിച്ചിട്ടില്ല. |
| 3. | കെ.എസ്. ഇ.ബി. | 13/19- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (എസ്.സി.പി) | 205 / 27.3.19 | 67226 | UC ലഭിച്ചിട്ടില്ല. |
| | | | 206 / 27.3.19 | 21240 | |
| | | | 153 / 18.3.19 | 495600 | |
| | | | 154 / 15.3.19 | 56050 | UC ലഭിച്ചു. |
| | | | ആകെ | 640116 | |
| 4. | കെ.ഡബ്ല്യ.എ. | 10/19-മല്ലപ്പള്ളി പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) | 2195889 dt. 12.3.19 | 450000 തനത് ഫണ്ട് | UC ലഭിച്ചിട്ടില്ല. |
| | | | 2195891 dt. 13.3.19 | 352835 തനത് ഫണ്ട് | |
| | | | 15000230202 dt 18.6.18 | 604835 | |
| | | | 15001184214 dt. 11.12.19 | 120000 | |
| | | | 15051299851 | 175165 | |

| | | | | | |
|---|---|---|---|---|---|
| | | | dt. 5.3.19 | | |
| | | | ആകെ | 1702835 | |
| 5. | കെ.ഡബ്ല്യ.എ. | 11/19-മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി.) | 1 / 26.4.18 | 300000 | UC ലഭിച്ചിട്ടില്ല. |
| | | | 95 / 28.12.18 | 230000 | |
| | | | 148/ 12.3.19 | 500000 | |
| | | | 148 / 12.3.19 | 404000 | |
| | | | 152/ 18.3.19 | 428000 | |
| | | | ആകെ | 1862000 | |
| 2018-19 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് ആകെ നിക്ഷേപിച്ച തുക => 52,93,832 | | | | | |

കൂടാതെ പല ഡെപ്പോസിറ്റ് പ്രവൃത്തികളുടെയും തുക സാമ്പത്തിക വർഷാവസാനമാണ് നിക്ഷേപിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബി., വാട്ടർ അതോററ്റി തുടങ്ങിയ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഡെപ്പോസിറ്റ് തുക നവംബർ 30നകം നൽകേണ്ടതാണെന്ന് 21-11-18ലെ ഡി.എ.1/798 /2018/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 സംയുക്ത പദ്ധതികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് വർഷം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്ത പദ്ധതികളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽനിന്നും ചുവടെ ചേർക്കും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | നൽകിയ തുക, ബിൽ നം. & തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | വിനിയോഗ വിവരം |
|---|---|---|---|---|---|
| 57/19 | കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണം | സെക്രട്ടറി | 9,50,000 Bill no.11 dt. 31.8.19 | കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 71/19 | ആനിക്കാട് ഗ്രാമപഞ്ചായത്ത് ശ്മശാന നവീകരണം | സെക്രട്ടറി | 7,55,000 Bill no.23 dt. 19.1.19 | ആനിക്കാട് ഗ്രാമപഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 69/19 | പുതിയിടത്തുപടി-ജോർജ്ജ് മാത്തൻ റോഡ് റീ ടാറിംഗ് | സെക്രട്ടറി | 1,00,000 Bill no.28 dt. 5.2.19 | മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 3/19 | ലൈഫ് മിഷൻ-അധിക ധനസഹായം | സെക്രട്ടറി 18,75,000 | 5,50,000 | കൊറ്റനാട് ഗ്രാമപഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | (ജനറൽ) | Bill No. 10 dt14.8.18 | 13,25,000 | കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് | പൂർണ്ണമായും വിനിയോഗിച്ചു |
| | | സെക്രട്ടറി | 6,70,603 Bill No. 19 dt31.12.18 | കൊറ്റനാട് ഗ്രാമപഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| | | സെക്രട്ടറി | 12,10,000 Bill No.7 dt 8.8.19 | കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 21/19 | പാലിന് സബ്സിഡി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 44,50,000 Bill No.1 dt 21.6.18 | ആനിക്കാട് - 5 ലക്ഷം | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| | | | | കോട്ടാങ്ങൽ- 10ലക്ഷം | |
| | | | | മല്ലപ്പള്ളി - 6ലക്ഷം | |
| | | | | കല്ലൂപാറ - 4ലക്ഷം | |
| | | | | കുന്നന്താനം - 5ലക്ഷം | |
| | | | | കവിയൂർ – 4 ലക്ഷം | |
| | | | | കൊറ്റനാട്– 10.5ലക്ഷം | |
| | | | 3,50,000 Bill No.4 dt 19.2.19 | കല്ലൂപാറ - 4ലക്ഷം | |
| | | | | ആനിക്കാട് - 5 ലക്ഷം | |
| 29/19 | അങ്കണവാടി കുട്ടികൾക്ക് ഇസിസിഇ കളിയുപകരണങ്ങൾ വാങ്ങൽ | ചൈൽഡ് ഡവലപ് മെന്റ് പ്രോഗ്രാം ഓഫീസർ | 2,14,284 Bill No.5 dt 27.6.18 | ആനിക്കാട് - 35714 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| | | | | കോട്ടാങ്ങൽ - 35714 | 23560 രൂപയുടെ വിനയോഗ വിവരം ലഭ്യമാക്കി. |
| | | | | മല്ലപ്പള്ളി - 35714 | 34810 രൂപയുടെ വിനയോഗ വിവരം ലഭ്യമാക്കി. |
| | | | | കല്ലൂപാറ - 35714 | 21700 രൂപയുടെ വിനയോഗ വിവരം ലഭ്യമാക്കി. |
| | | | | കവിയൂർ – 35714 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | കൊറ്റനാട് – 35714 | പൂർണ്ണമായും വിനിയോഗിച്ചു |
| | | | 35,716 Bill No.6 dt 30.1.19 | കുന്നന്താനം - 35716 | 35506 രൂപയുടെ വിനയോഗ വിവരം ലഭ്യമാക്കി |
| 25/19 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | ” | 171426 Bill No. 1 dt. 24.5.18 | മല്ലപ്പള്ളി-28571 | UC ലഭിച്ചിട്ടില്ല |
| | | | | കുന്നന്താനം-28571 | |
| | | | | ആനിക്കാട്-28571 | |
| | | | | കല്ലൂപ്പാറ-28571 | മുഴവൻ തുകയുടെയും UC ലഭിച്ചു |
| | | | | കൊറ്റനാട്- 28571 | |
| | | | | കവിയൂർ -28571 | |
| | | | 8,00,000 ch.no. 2195993 dt. 13.11.18 | മല്ലപ്പള്ളി-114285 | വിനിയോഗ വിവരം ലഭ്യമല്ല |
| | | | | കുന്നന്താനം-114285 | |
| | | | | ആനിക്കാട്-114285 | |
| | | | | കോട്ടാങ്ങൽ-114285 | |
| | | | | കൊറ്റനാട്-114285 | മുഴവൻ തുകയുടെയുംUC ലഭിച്ചു |
| | | | | കവിയൂർ-114290 | |
| | | | | കല്ലൂപാറ-114285 | 94400 രൂപയുടെ UC ലഭിച്ചു |
| | | | 28574 bill no 2 dt 21.5.18 | കോട്ടാങ്ങൽ | വിനിയോഗ വിവരം ലഭ്യമല്ല |

ടി തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ബന്ധപ്പെട്ട പഞ്ചായത്തുകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 പ്രോജക്റ്റ് നിർവ്വഹണത്തിൽ വീഴ്ച- 45 ലക്ഷം രൂപ പ്രയോജനരഹിതമായി

ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 44,65,245- രൂപ പ്രയോജനരഹിതമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവഴിച്ചത് | ചെലവ് % | നഷ്ടമായ തുക |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 29005000 | 27262596 | 93.99 | 1742404 |
| വികസനഫണ്ട് എസ്.സി.പി. | 11985000 | 9370881 | 78.19 | 2614119 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് റ്റി.എസ്.പി | 420000 | 312000 | 74.29 | 108000 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3144000 | 3143278 | 99.98 | 722 |
| ആകെ | 4,45,54,000 | 4,00,88,755 | 89.97 | 4465245 |

ബ്ലോക്ക്പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാത്തതാണ് ഇത്രയധികം തുക ബ്ലോക്ക്പഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയത്. ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല എന്ന് വ്യക്തമാണ്. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതിരിക്കാൻ ഭരണസമിതിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## **1-15** സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതുഫണ്ടിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നു

ഓഡിറ്റ് വർഷം 19 പ്രവൃത്തികൾക്ക് 50,06,275- രൂപ തനത്ഫണ്ടിൽ നിന്നും വകയിരുത്തിയതിൽ 6 പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികൾ പ്രകാരം ഇതിന് 18,17,032- രൂപയാണ് ചെലവ്. വലിയ തോതിൽ തനത് ഫണ്ട് വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ചത് ഉചിതമല്ലാത്ത സാമ്പത്തിക ആസൂത്രണത്തെയാണ് സൂചിപ്പിക്കുന്നത്. എല്ലാ ബാധ്യതകളും തിട്ടപ്പെടുത്തി ബാക്കിയുണ്ടെങ്കിൽ മാത്രമേ പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്താൻ പാടുള്ളൂ. വാർഷിക കണക്ക് പ്രകാരം 1.04.2018-ൽ തനത്ഫണ്ടിൽ (-)1,30,178- രൂപയാണ് നീക്കിയിരിപ്പായുള്ളത്. അനിവാര്യ ചുമതലകൾക്കും മറ്റ് ബാധ്യതകൾക്കും തുക നീക്കിയിരിപ്പായുണ്ടോയെന്ന് പരിശോധിക്കാതെയാണ് തനതുഫണ്ടിൽ നിന്നും വകയിരുത്തൽ നടത്തിയിട്ടുള്ളത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. തുടർവർഷങ്ങളിൽ തനത് ഫണ്ടിന്റെ യഥാർത്ഥ സ്ഥിതി വിലയിരുത്തിയതിനുശേഷം മാത്രം തനത് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## **1-16** ഫൈനൽ ബിൽ തുകയിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | കരാറുകാരന്റെ പേര് | ചെലവ് വിവരം | ബാരലിന്റെ എണ്ണം | വിലയിനത്തിൽ ഈടാക്കേണ്ടത് | | |
|---|---|---|---|---|---|---|
| | | | | ബാരൽ വില @238 | ജി.എസ്.റ്റി. 12% | ആകെ |
| വള്ളിക്കാട് ആശ്രമംപടി - പ്ലാച്ചിറ റോഡ് ടാറിംഗ് (44/19) | ജോൺ സി. തോമസ് | രൂ. 460699- ട്രഷറി ബിൽ നം-13/26.3.19 | 13 | 3094- | 371- | 3465- |

ബാരൽ വില ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.12/30.10.19)ക്ക് മറുപടിയായി ടി തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **1-17** ചെങ്ങരൂർ പട്ടികജാതി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോ.നം. 55/19 എന്ന പദ്ധതിക്ക് 26/12/18 ൽ ഒന്നാം പാർട്ട് ബിൽ (രൂ. 157012-) നൽകിയതിന് ശേഷം പണികളൊന്നും നടന്നതായി എം.ബുക്കിലും ഫയലിലും രേഖപ്പെടുത്തലുകൾ ഒന്നുമില്ല. പദ്ധതി പൂർത്തിയാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.12/30.10.19)ക്ക് മറുപടിയായി 'ഗുണഭോക്താക്കളുടെ ഭാഗത്ത് വസ്തു സംബന്ധിച്ച് തർക്കമുണ്ടായതിനാൽ പ്രതിഷേധം മൂലം ബാക്കി പ്രവൃത്തി ചെയ്യാൻ കഴിയാതെ വന്നു. ബ്ലോക്ക് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മെമ്പർ, കല്ലൂപ്പാറ പഞ്ചായത്ത് പ്രസിഡന്റ്, ഉദ്യോഗസ്ഥർ എന്നവർ പ്രസ്തുത ഗുണഭോക്താക്കളുമായി ഇത് സംബന്ധിച്ച് ചർച്ച നടത്തിയെങ്കിലും ഫലപ്രദമായില്ല. തുടർന്ന് 6/6/19ലെ 1(2)-ാം തീരുമാനപ്രകാരം ഈ പ്രോജക്ട് സ്പിൽ ഓവർ ആയി തുടരേണ്ടതില്ല എന്ന് തീരുമാനിച്ചു. എന്നാൽ ഈ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കാനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിന് പി.ഡബ്ല്യു.ഡി. സെന്റേജ് ചാർജ്ജ് അധികമായി ഈടാക്കുന്നു

കേരളാ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തു നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും 2.5% എസ്ററിമേറ്റും പ്ലാനും തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് 12.5% സെന്റേജ് ചാർജ്ജ് ഈടാക്കുന്നുണ്ട്. എന്നാൽ പി.ഡബ്ല്യു.ഡി. മാനുവൽ പ്രകാരം എസ്ററിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ പാടില്ലായെന്ന് 16.04.2018-ലെ സ.ഉ.(സാധാ) നം. 1069/18 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ആഫീസിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ – ബ്ലോക്ക് പഞ്ചായത്ത് ആഫീസ് കമ്പ്യൂട്ടർ നെറ്റ് വർക്ക് ചെയ്യുന്നതിനും യു.പി.എസ്. സ്ഥാപിക്കുന്നതിനും പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന് സെന്റേജ് ചാർജ്ജിനത്തിൽ അധികമായി നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ വിവരം | ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം |
|---|---|
| S0076- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ആഫീസിൽ കമ്പ്യൂട്ടർ നെറ്റ് വർക്ക് ചെയ്യുന്നതിനും യു.പി.എസ്. സ്ഥാപിക്കുന്നതിനും പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന് ഡിപ്പോസിറ്റ് | 560081 രൂപ<br>146 / 7.3.19 |
| 1. ബ്ലോക്ക് പഞ്ചായത്ത് കമ്പ്യൂട്ടർ നെറ്റ് വർക്ക് കേബിളിങ്ങ് എസ്ററിമേറ്റ് തുക | 198850 |
| സെന്റേജ് ചാർജ്ജ് (12.5% of 198850) | 24856 |
| നൽകാവുന്ന സെന്റേജ് ചാർജ്ജ് (10% of 198850) | 19885 |
| 2. യു.പി.എസ്. എത്തിക്കുന്നതിനും ഇൻസ്റ്റലേഷനുമുള്ള ചെലവ് എസ്ററിമേറ്റ് തുക | 299000 |
| സെന്റേജ് ചാർജ്ജ് (12.5% of 299000) | 37375 |
| നൽകാവുന്ന സെന്റേജ് ചാർജ്ജ് (10% of 299000) | 29900 |
| ക്രമ നം. 1 & 2 പ്രകാരമുള്ള വർക്കുകൾക്ക് അധികമായി നൽകിയത് | 12446 |

മേൽ പറഞ്ഞ സാഹചര്യത്തിൽ, 2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന് 560081 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതിൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ചുമത്തിയിട്ടുള്ള 2.5% സെന്റേജ് ചാർജ്ജ് (12446 രൂപ) തിരികെ ഈടാക്കേണ്ടതാണ്.

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്-നടപടിക്രമങ്ങൾ പാലിച്ചില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ - 2100000 | : | 2088725 (വികസന ഫണ്ട് - എസ്.സി.പി.) |

| | | | |
|---|---|---|---|
| | | 11275(തനത് ഫണ്ട്) | |
| ചെലവ് - 2075000 | : | ബിൽ നം. 1 dt.14.09.18 | 190000 |
| | | ബിൽ നം. 2 dt. 14.09.18 | 85000 |
| | | ബിൽ നം. 3 dt. 25.09.18 | 265000 |
| | | ബിൽ നം. 4 dt. 28.09.18 | 145000 |
| | | ബിൽ നം. 5 dt. 12.10.18 | 155000 |
| | | ബിൽ നം. 6 dt. 23.10.18 | 155000 |
| | | ബിൽ നം. 7 dt. 27.12.18 | 180000 |
| | | ബിൽ നം. 8 dt. 5.1.19 | 425000 |
| | | ബിൽ നം. 9 dt. 16.2.19 | 60000 |
| | | ബിൽ നം. 10 dt. 16.2.19 | 100000 |
| | | ബിൽ നം. 11 dt. 16.2.19 | 80000 |
| | | ബിൽ നം. 12 dt. 1.3.19 | 60000 |
| | | ബിൽ നം. 13 dt. 23.3.19 | 95000 |
| | | ബിൽ നം. 14 dt. 23.3.19 | 80000 |
| | | ആകെ | 2075000 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് പദ്ധതി പ്രകാരം 7 ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നൽകിയിട്ടുണ്ട്. എന്നാൽ സ്കോളർഷിപ് നൽകുന്നതിനു മുൻപ് ജില്ലാ പഞ്ചായത്തിൽ നിന്നും ഈ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്നുള്ള ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള സാക്ഷ്യപ്പെടുത്തൽ ലഭ്യമാക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/22.10.19) പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കാം എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളും ജില്ലാപഞ്ചായത്തിൽ നിന്ന് പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-20 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പ് - തുടർ മോണിറ്ററിംഗ് നടത്തുന്നില്ല

| | | |
|---|---|---|
| പദ്ധതിയുടെ നം. & പേര് | : | S0028/19-ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ചൈൽഡ് ഡവലപ്മെന്റ് പ്രോഗ്രാം ഓഫീസർ |
| അടങ്കൽ | : | 500000വികസന ഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | : | 497786 |

ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി നിർവ്വഹണത്തിനായി 13.03.19-ൽ 91,720 രൂപ (BRN1369928 dt. 14.3.19) ജില്ലാ ആശുപത്രി കോഴഞ്ചേരി - ആർട്ടിഫിഷ്യൽ ലിംബ് സെന്ററിന് മല്ലപ്പള്ളി സബ്ട്രഷറി വഴി തുക ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ഈ തുകയുടെ Stamped Receipt ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. തുകയുടെ കൈപ്പറ്റ് രസീത് ഓഡിറ്റ് വേളയിൽ ഹാജരാക്കിയിരുന്നില്ല.

ജില്ലാ ആശുപത്രിയ്ക്ക് നൽകിയ തുക ഉപയോഗിച്ച് 5 വ്യക്തികൾക്ക് താഴെ ചേർക്കും പ്രകാരമുള്ള തുകയുടെ ഉപകരണങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് പണം ഒടുക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | വയ്പ്കാലിന്റെ തരം | നിശ്ചയിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1. | സുരേഷ് കുമാർ, കുളങ്ങരമേപ്രത്ത്, കടമാൻകുളം, കല്ലൂപ്പാറ | Below knee | 12,600 | ഉപകരണം നാളിതുവരെ ലഭ്യമായിട്ടില്ല. |
| 2. | സുജ പി.ജെ. പഴമലത്താഴെ വീട്, കടമാൻകുളം, കല്ലൂപ്പാറ | AFO | 1,000 | ഉപകരണം നാളിതുവരെ ലഭ്യമായിട്ടില്ല. |
| 3. | പുഷ്പാ വിജയൻ | Above knee | 32,760 | ഉപകരണം ലഭ്യമാകുന്നതിനു മുൻപ് മരണപ്പെട്ടു. |
| 4. | തോമസ് മത്തായി | Below knee | 12,600 | ഉപകരണം ലഭിച്ചു. |
| 5. | കുഞ്ഞുമോൾ ചാമക്കൽ | Below knee | 32,760 | ഉപകരണം ലഭിച്ചു. |

പട്ടികയിൽ പറഞ്ഞിരിക്കുന്ന ക്രമ നം. 1 & 2 വ്യക്തികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള കാലതാമസത്തിനുള്ള കാരണവും, ലഭ്യമാക്കുന്നതിനു സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. ക്രമ നം. 3-ലുള്ള വ്യക്തി, ഉപകരണം ലഭിക്കുന്നതിനു മുൻപേ മരണപ്പെട്ടു. പ്രസ്തുത വ്യക്തിയുടെ 'കാലളവുകൾ' പ്രകാരം ഉപകരണം നിർമ്മിച്ചിട്ടുണ്ടോ? ഇല്ലായെങ്കിൽ മരണപ്പെട്ട വിവരം ജില്ലാ ആശുപത്രിയെ അറിയിച്ച് തുക തിരിച്ചുപിടിക്കുവാൻ സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ടുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/28.10.19) മരണപ്പെട്ട വ്യക്തിക്കു പകരം കുന്നന്താനം ഗ്രാമപഞ്ചായത്തിലുള്ള ശ്രീമതി ഓമന കാവുങ്കൽ എന്ന വ്യക്തിക്ക് പ്രസ്തുത ആനുകൂല്യം നൽകാൻ കമ്മിറ്റി തീരുമാനിച്ച് ആയതു പ്രകാരം ടി വ്യക്തിയുടെ വിവരങ്ങൾ ആശുപത്രിയിൽ ലഭ്യമാക്കി തുടർ നടപടികൾ നടത്തി വരുന്നതായി മറുപടി ലഭ്യമാക്കി. പട്ടികയിൽ പറഞ്ഞിരിക്കുന്ന ക്രമ നം. 1 & 2 പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് അടിയന്തിരമായി വയ്പ് കാൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരവുമാണ് ലഭ്യമാക്കിയിരിക്കുന്നത്. ഈ 3 വ്യക്തികൾക്കും ആനുകൂല്യം ലഭിച്ചെന്ന് ഉറപ്പാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-21 മരുന്നു വാങ്ങൽ പദ്ധതികൾ - യഥാസമയം മരുന്നുകൾ ലഭ്യമാകുന്നില്ല

1. മല്ലപ്പള്ളി താലൂക്ക് ആശുപത്രിക്ക് ഉപകരണങ്ങളും മരുന്നുകളും ലഭ്യമായിട്ടില്ല

മല്ലപ്പള്ളി താലൂക്ക് ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങലുമായി ബന്ധപ്പെട്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് താഴെ ചേർക്കും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം. & തീയതി | പ്രഫോമ ഇൻവോയിസ് | നൽകിയ തുക |
|---|---|---|---|
| 1. | 44/18-19 dt.15.11.18 | PRF 124 dt. 26.10.18 | 83,750 |
| 2. | 67/18-19 dt. 6.2.19 | PRF 198 dt. 15.1.19 | 25,556 |
| 3. | 72/18-19 dt. 16.2.19 | PRF 4113 dt. 26.2.19 | 8,365 |

ഈ തുക പ്രകാരമുള്ള ഉപകരണങ്ങൾ ആശുപത്രിയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മല്ലപ്പള്ളി താലൂക്ക് ആശുപത്രിക്ക് മരുന്ന വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് 5ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിട്ടുണ്ട് [ബിൽ നം 23/18-19 തുക 5,00,000 dt. 10.8.18 പ്രഫോമ ഇൻവോയിസ് നം. PRF794 dt. 6.8.18 പ്രകാരം]. 5ലക്ഷം രൂപയ്ക്കുള്ള മരുന്നുകളും ലഭ്യമായിട്ടില്ല. ഇതിന്റെ വിവരങ്ങൾ ആരാഞ്ഞുകൊണ്ടുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/23.10.18) മരുന്നുകളും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്കിൽ ചേർത്ത് റ്റാക്സ് ഇൻവോയിസ് ഹാജരാക്കേണ്ടതാണ്.

2. കല്ലൂപാറ സി.എച്ച്.സി. മരുന്നുവാങ്ങൽ പ്രവൃത്തി ലക്ഷ്യപ്രാപ്തിയിലെത്തിയില്ല

കല്ലൂപാറ സി.എച്ച്.സിക്ക് മരുന്ന വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് 2ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് .

| ബിൽ നം., തുക & തീയതി | പ്രഫോമ ഇൻവോയിസ് | നൽകിയ തുക |
|---|---|---|
| 8/18-19 2,00,000 രൂപ dt. 29.10.18 | PRF2403 dt. 6.8.18 | 1,03,597 |
| | PRF578 dt. 20.7.18 | 96403 |

കെ.എം.എസ്.സി.എൽ-നു നൽകിട്ടുള്ള ഈ 2,00,000രൂപയുടെ മരുന്നുകളും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഈ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്കിൽ ചേർത്ത് റ്റാക്സ് ഇൻവോയിസ് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- ഇല്ല -

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- ഇല്ല -

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.06.2019 | കെ.എസ്.എ.പി.റ്റി.എ. പി1.602(54)/19 തീ.09.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രോജക്ടുകളുടെ നടത്തിപ്പിന് തൻ വർഷം വിഹിതം ഒന്നും ലഭിച്ചില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം. തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ വിവരം |
|---|---|---|---|---|---|
| 1. | കെ.എസ്. ഇ.ബി. | 12/19- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ | 76 / 23.11.19 | 226000 | UC ലഭിച്ചില്ല. |
| | | | 76 / 23.11.19 | 210000 | |
| | | | 96 / 28.12.18 | 90860 | UC ലഭിച്ചു. |
| | | | 51800456 | 1940 | UC ലഭിച്ചിട്ടില്ല. |
| | | | ആകെ | 528800 | |
| 2. | പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റ് | 76/19- മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് ആഫീസിൽ കമ്പ്യൂട്ടർ നെറ്റ് വർക്ക് ചെയ്യുന്നതിനും യു.പി.എസ്. സ്ഥാപിക്കുന്നതിനും | 146 / 7.3.19 | 5,60,081 | UC ലഭിച്ചിട്ടില്ല. |
| 3. | കെ.എസ്. ഇ.ബി. | 13/19- മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (എസ്.സി.പി) | 205 / 27.3.19 | 67226 | UC ലഭിച്ചിട്ടില്ല. |
| | | | 206 / 27.3.19 | 21240 | |
| | | | 153 / 18.3.19 | 495600 | |
| | | | 154 / 15.3.19 | 56050 | UC ലഭിച്ചു. |
| | | | ആകെ | 640116 | |
| 4. | കെ.ഡബ്ല്യു. എ. | 10/19-മല്ലപ്പള്ളി പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) | 2195889 dt. 12.3.19 | 450000 | UC ലഭിച്ചിട്ടില്ല. |
| | | | 2195891 dt. 13.3.19 | 352835 | |
| | | | 15000230202 dt 18.6.18 | 604835 | |
| | | | 15001184214 dt. 11.12.19 | 120000 | |
| | | | 15051299851 dt. 5.3.19 | 175165 | |
| | | | ആകെ | 1702835 | |
| 5. | കെ.ഡബ്ല്യു. എ. | 11/19-മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി.) | 1 / 26.4.18 | 300000 | UC ലഭിച്ചിട്ടില്ല. |
| | | | 95 / 28.12.18 | 230000 | |
| | | | 148/ 12.3.19 | 500000 | |
| | | | 148 / 12.3.19 | 404000 | |
| | | | 152/ 18.3.19 | 428000 | |
| | | | ആകെ | 1862000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

2018-19 വർഷം ഒരു പ്രവൃത്തിക്കും മൊബിലൈസേഷൻ അഡ്വാൻസ് നൽകിയില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ലോൺ | - | 96,00,000 | 64,32,850 | 15,49,757 | 19,05,743 | 48,83,093 |

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29,962രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-1 | 29,962 | അനിതാ ജോൺ കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 118060100039 dt. 22.06.18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2002-03 | 2-14 | 2007-08 | ഐ.എ.വൈ ഭവനനിർമ്മാണം-മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. പൂർണ്ണമായ രേഖകൾ ഹാജരാക്കിയിട്ടില്ല. | നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2003-04 | 2-23 | 2007-08 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ. | " |
| 2003-04 | 2-24 | 2007-08 | തേനീച്ച വളർത്തലും തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കലും-അപാകതകൾ | " |

| | | | | |
|---|---|---|---|---|
| 2003-04 | 2-26 | 2007-08 | വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | ” |
| 2004-05 | 3-4 | 2007-08 | പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിലെ അപാകതകൾ | ” |
| 2004-05 | 3-17 | 2007-08 | വനിതാ സ്വയം തൊഴിൽ യൂണിറ്റ്. | ” |
| 2006-07 | 3-12 | 2009-10 | തോട്ടഭാഗത്ത് പട്ടികജാതി വനിതകൾക്കായി വ്യവസായകേന്ദ്രം നിർമ്മാണം- അപാകതകൾ | ” |
| 2006-07 | 3-14 | 2009-10 | പയറ്റുകാലാ കുടിവെള്ള പദ്ധതി- അപാകതകൾ | ” |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 12 | 13 |
| 1 | 2013-14 | 3-1 | അനിതാ ജോൺ എ.ഡി.എ. കൃഷിവകുപ്പ് | ksa.15922/spl.cell /csc/b3/15 dt. 06.02.2018 | 29962 | 29962രൂപ 118060100039 dt. 22.06.18 | 29962രൂപ | ഇല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,88,84,850- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,51,35,129- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15540 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-16 | | 3094 | ശ്രീമതി സുജിതാ രവി , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

| | | | |
|---|---|---|---|
| 1-18 | | 12446 | ശ്രീ. കെ. രാജേന്ദ്രൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

-ഇല്ല-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-16 | 371 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1. ശ്രീ. കെ. രാജേന്ദ്രൻ, സെക്രട്ടറി | വിരമിച്ചു. | തിരുവോണം ഉദയൻകുളങ്ങര അയിരൂർ പി.ഓ. നെയ്യാറ്റിൻകര |
| 2. ശ്രീമതി സുജിതാ രവി , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് ആലപ്പുഴ | കണ്ടകശ്ശാല വീട് കിളികൊല്ലൂർ പി.ഓ., കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി5-866/99 തീ.31-01-01 | 8 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി5-443/00 തീ.05-05-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02 തീ. 05-03-04 | 5 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി5-312/04 തീ. 04-11-04 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 തീ. 05-03-07 | 8 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07 തീ. 07-06-08 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07തീ. 07-06-08 | 6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6-883/07തീ. 03-04-08 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി6-700/08 തീ. 15-05-09 | 8 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09 തീ. 13-05-11 | 21 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11 തീ.13-12-11 | 14 |

| | | |
|---|---|---|
| 2009-10 & 10-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13 തീ.03-09-13 | എല്ലാ ഖണ്ഡികകളും |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 തീ.12-09-14 | എല്ലാ ഖണ്ഡികകളും |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 തീ.06-06-15 | എല്ലാ ഖണ്ഡികകളും |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി: 22.03.2016 | 12 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി13-335/2017 തീയതി: 06.05.17 22.03.2016 | 12 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി12-1302/2017 തീയതി: 07.12.2017 | 14 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി12-/343/2019 തീയതി: 08.05.2019 | 8 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

## അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.12/923/2019 തീയതി 29.11.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-9ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

# Annexure-1 Audit Certificate

No.KSAPTA/P12/923/2019 Dated: 29.11.2019

Certified that I have examined the Annual Financial Statement of Mallappally Block Panchayat in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 and the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mallappally Block Panchayat for the year 2018-19, except the observations in para 1-9 of my report, properly presents the picture of income and expenditure.

Habeeb Mohammed
Senior Deputy Director,

Kerala State Audit Department,

District Audit Office, Pathanamthitta.